LIBRARY ARCHIVES Kerala Legislative Assembly

പി.എച്ച്.സി.-കളിലെ ലാബ് സൗകര്യങ്ങൾ

2(699) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പി.എച്ച്.സി.-കളിലും ലാബ് സൗകര്യങ്ങൾ ലഭ്യമാക്കാൻ പദ്ധതിയുണ്ടായിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) എത്ര പി.എച്ച്.സി.-കളിൽ നിലവിൽ ലാബ് സൗകര്യം ഉണ്ടെന്നും എത്രയെണ്ണം ഇനിയും ആവശ്യമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം

3(700) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഹെൽത്ത് സെന്ററിൽ നിലവിലുള്ള ഡോക്ടർമാരും, ഇതര സ്റ്റാഫും എത്രയെന്നറിയിക്കാമോ; അനുവദനീയമായ തസ്തികകൾ സംബന്ധിച്ച വിശദ വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ആശുപത്രിയിലെ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആരോഗ്യ വകുപ്പ് എന്തെല്ലാം നടപടി സ്വീകരിക്കുമെന്നറിയിക്കാമോ?

ഉത്തരം

(എ) കൊല്ലം പനയം പഞ്ചായത്തിലെ പെരുമൺ പ്രൈമറി ഹെൽത്ത് സെന്ററിൽ രണ്ട് ഡോക്ടർമാരും അതിനോടനുബന്ധിച്ച ചികിത്സാ സംവിധാനവുമാണ് നിലവിലുള്ളത്. രോഗങ്ങളുടെ പ്രാഥമിക പരിശോധനയും ഔട്ട് പേഷ്യന്റ് ചികിത്സയും ഇവിടെ നടത്തപ്പെടുന്നു. കൂടാതെ ജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനാവശ്യമായ കുട്ടികൾക്കുള്ള രോഗപ്രതിരോധ കുത്തിവയ്പുകൾ, മാതൃശിശു സംരക്ഷണ മാർഗ്ഗങ്ങൾ, പകർച്ചവ്യാധിരോഗ നിയന്ത്രണങ്ങൾ, ജീവിതശൈലീ രോഗനിയന്ത്രണ

GPM. 2/238/2020-10

പ്രവർത്തനങ്ങൾ, പരിസര ശുചീകരണവുമായി ബന്ധപ്പെട്ട പരിശോധനകളും ബോധവൽക്കരണവും ദേശീയതലത്തിൽ നടപ്പിലാക്കുന്ന രോഗപ്രതിരോധ പരിപാടികളും ബോധവത്കരണവും കൂടാതെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷണത്തിനാവശ്യമായ ഫീൽഡുതല പ്രവർത്തനങ്ങളുടെ ഏകോപനവും നടത്തപ്പെടുന്നു. എൻ.ആർ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് ലാബ് സംവിധാനം നടന്നുവരുന്നു.

(ബി) നിലവിലുള്ള ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	തസ്തിക	അനുവദിച്ച എണ്ണം	ഒഴിവുകൾ
1	അസിസ്റ്റന്റ് സർജൻ	2	ഇല്ല
2	സ്റ്റാഫ് നഴ്സ്	1	ഇല്ല
3	ഫാർമസിസ്റ്റ്	1	ഇല്ല (പ്രസവ അവധിയിൽ)
4	നഴ്സിംഗ് അസിസ്റ്റന്റ്	1	ഇല്ല
5	എച്ച്.എ. ഗ്രേഡ്	1	ഇല്ല
6	പി.റ്റി.എസ്.	1	ഇല്ല
7	ക്ലാർക്ക്	1	ഇല്ല
8	ഓഫീസ് അറ്റൻഡന്റ്	1	ഇല്ല
9	ഹെൽത്ത് ഇൻസ്പെക്ടർ	2	ഇല്ല
10	പബ്ലിക് ഹെൽത്ത് നഴ്സ്	1	ഇല്ല
11	ജൂനിയർ എച്ച്.ഐ.	5	ഇല്ല
12	ജൂനിയർ പി.എച്ച്.എൻ.	5	ഇല്ല

(സി) പ്രസ്തുത ആശുപത്രിയിൽ അനുവദിക്കപ്പെട്ട തസ്തികകളിലൊന്നും തന്നെ ഒഴിവുകൾ നിലവിലില്ല.

(ഡി) പ്രസ്തുത ആശുപത്രിയിലെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എൻ.ആർ.എച്ച്.എം. വഴി ലാബ് സംവിധാനമൊരുക്കിക്കൊണ്ടും നിലവിലുള്ള ഒ.പി. സംവിധാനങ്ങളും രോഗനിയന്ത്രണ പ്രവർത്തനങ്ങളും ശക്തിപ്പെടുത്തിയും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly